**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3680** | **30.01.2014-ൽ മറുപടിക്ക്.**

## ഹോം ഗാർഡുകളുടെ സേവന കാലയളവ് ഉയർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരളത്തിലെ വിമുക്തഭടൻമാരായ ഹോംഗാർഡുകളുടെ സേവന കാലം 60 വയസ്സുവരെയാക്കുവാൻ അനുവാദം നൽകുമോ; | : | എ) ഹോംഗാർഡ് ആക്ട് സെക്ഷൻ 7 പ്രകാരം ഹോംഗാർഡുകളുടെ സേവനകാലാവധി പരമാവധി 5 വർഷം/ 60 വയസ്സ് തികയുന്നവരെ ഏതാണോ ആദ്യം വരുന്നത് ആയത് വരെ ആക്കി നിജപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഹോം ഗാർഡുകൾക്ക് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | | ബി) ഹോംഗാർഡുകൾക്ക് ദിവസവേതനമാണ് നൽകിവരുന്നത്. ആകയാൽ ജോലി നോക്കുന്ന ദിവസങ്ങളിൽ മാത്രമേ വേതനം നൽകാൻ കഴിയുകയുള്ളൂ. |
| സി) ഹോം ഗാർഡുകളിൽ വിദഗ്ദ്ധരും ലൈസൻസ് ഉള്ളവരുമായവരുടെ സേവനം ഉപയോഗപ്പെടുത്തുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ? | | സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ